**ഭരണഭാഷ – മാതൃഭാഷ**

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എ. മുരളീധരൻ)**

തിരുവനന്തപുരം

**നമ്പർ. 8856/18/ജി2** **തീയതി: 15.11.2019**

വിഷയം:- അച്ചടി വകുപ്പ്-തിരുവനന്തപുരം-ജനറൽ വിഭാഗം-ഓവർടൈം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. സർക്കാരിന്റെ 12.03.15 ലെ 484/15/ഉവിവ നമ്പർ ഉത്തരവ്

2. അച്ചടി വകുപ്പ് ഡയറക്ടറുടെ 17.06.2019-ലെ ഇതേ നമ്പർ ഉത്തരവ്.

3. ഷൊർണ്ണൂർ ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ 30.09.2019-ലെ 3459/17/എ1 നമ്പർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിന്റെ കുടിശ്ശികയുള്ള ഓവർടൈം വേതനം 2019-20 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. ആയതിൽ ഷൊർണ്ണൂർ ഗവ: പ്രസ്സിലേക്ക് 2016 മെയ് മാസത്തെ ഓവർടൈം കുടിശ്ശിക തുകയായ 16,62,542/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ടി അനുവദിച്ച തുകയിൽ നിന്നും നിലവിൽ ഷൊർണ്ണൂർ ഗവ: പ്രസ്സിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമേ ഓവർടൈം അലവൻസ് വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂവെന്നും ഷൊർണ്ണൂർ ഗവ: പ്രസ്സിൽ നിന്നും മാറി വിവിധ ഗവ: പ്രസ്സുകളിൽ ജോലി ചെയ്യുന്നവരും വിരമിച്ചവരുമായ ജീവനക്കാർക്ക് തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് പരാമർശം (3) പ്രകാരം ഷൊർണ്ണൂർ ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ഷൊർണ്ണൂർ ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ഷൊർണ്ണൂർ ഗവ: പ്രസ്സിൽ നിന്നും മണ്ണന്തല ഗവ: പ്രസ്സിലേക്ക് മാറിയ ജീവനക്കാർക്ക് / വിരമിച്ചവർക്ക് 2016 മേയ് മാസത്തെ ഓവർ ടൈം തുകയായ 44,933/- രൂപ(നാൽപ്പത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത്തി മൂന്ന് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

ടി തുക മണ്ണന്തല ഗവ: പ്രസ്സിൽ നിന്നും അനുവദിച്ച് നൽകുന്നതിന് മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നു. തുക അനുവദിച്ച ശേഷം പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

| നമ്പർ | പേര് | തസ്തിക | ഒ..റ്റി. തുക | ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | ദിലീപ് വി.എസ്. | ഓഫ്സെറ്റ് ഓപ്പറേറ്റർ | 8,669/- | ഗവ: പ്രസ്സ് മണ്ണന്തല |
| 2 | സുകുമാരൻ വി. | ഓഫ്സെറ്റ് ഓപ്പറേറ്റർ | 9,701/- | ഗവ: പ്രസ്സ് മണ്ണന്തല |
| 3 | സുനിൽകുമാർ വി.കെ. | ഓഫ്സെറ്റ് സൂപ്പർവൈസർ | 11,515/- | ഗവ: പ്രസ്സ് മണ്ണന്തല |
| 4 | റോയ് പി.ആർ. | പ്ലേറ്റ് മേക്കർ | 8,881/- | ഗവ: പ്രസ്സ് മണ്ണന്തല |
| 5 | സജിത എൻ. | ബൈന്റർ ഗ്രേഡ് 1 | 6,167/- | ഗവ: പ്രസ്സ് മണ്ണന്തല |
| | | ആകെ | **44,933/-** | |

..(2)..

ടി ജീവനക്കാരുടെ ഓവർടൈം സ്റ്റേറ്റ്മെന്റ് ഷൊർണ്ണൂർ ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട്, മണ്ണന്തല ഗവ: പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിനെ അറിയിക്കേണ്ടതാണ്. .

ടി തുക തന്നാണ്ടത്തെ ''2058-00-103-99-01(6) ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

പരാമർശം(1), (2) ലെ നിർദ്ദേശങ്ങൾ അതത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ പാലിക്കേണ്ടതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല / ഷൊർണ്ണൂർ
അക്കൗണ്ട്ന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം /
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പകർപ്പ്:-

ഫിനാൻസ് ഓഫീസർ / അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /
ജൂനിയർ സൂപ്രണ്ട് ജി1, ബി / ബി 3 / ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

എം.കെ.